# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *315 — 14/03/2018-ൽ മറുപടി

## പറമ്പിക്കുളം-ആളിയാർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ.ബി.ഗണേഷ് കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പറമ്പിക്കുളം - ആളിയാർ പദ്ധതി പൂർത്തിയായപ്പോൾ കേരളത്തിന് തിരിച്ച് ലഭിക്കേണ്ട ഭൂമിയും കെട്ടിടങ്ങളും മറ്റ് നിർമ്മിതികളും സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണതിന് കാരണമെന്ന് വ്യക്തമാക്കാമോ;<br><br>ബി)ഏതെല്ലാം കെട്ടിടങ്ങളും നിർമ്മിതികളുമാണ് ഏറ്റെടുക്കാനുള്ളതെന്നും അവ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ ; | എ & ബി<br>പൂർണ്ണമായും കേരളത്തിന് തിരികെ ലഭ്യമായിട്ടില്ല ; സ്ഥിരവും താല്കാലികവുമായി ഉപയോഗിക്കുന്നതിനായി തമിഴ്നാടിന് ലൈസൻസ് നല്കിയിരുന്ന 2457.3466 ഹെക്ടർ ഭൂമിയിൽ ഇതുവരെ 2.1190 ഹെക്ടർ ഭൂമി കേരളത്തിന് തിരികെ ലഭിച്ചിട്ടുണ്ട്. പറമ്പിക്കുളം തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ പ്രദേശങ്ങളിൽ ആകെയുള്ള 165 ബിൽഡിങ്ങ് യൂണിറ്റുകളിൽ, 92 ബിൽഡിങ്ങ് യൂണിറ്റുകൾ (80 കെട്ടിടങ്ങൾ) ഇപ്പോഴും തമിഴ്നാടിന്റെ കൈവശമാണ്. കേരള വനംവകുപ്പിന് കീഴിലുള്ള പറമ്പിക്കുളം കടുവ സങ്കേതത്തിൽ ഉൾപ്പെടുന്നതാണ് ഈ പ്രദേശം തമിഴ്നാട് കൈവശം വച്ചിരിക്കുന്ന കെട്ടിടങ്ങൾ, പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ |

ജീവനക്കാരുടെ താമസത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും അത്യാവശ്യ മാണെന്നാണ് അവരുടെ വാദം. പി.എ.പി കരാറിലെ അനുബന്ധം II ഖണ്ഡിക 7 പ്രകാരം പദ്ധതി പൂർത്തിയാവുന്ന മുറയ്ക്ക് ഭൂമിയും കെട്ടിടങ്ങളും കേരളത്തിന് കൈമാറണമെന്നാണ് കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഈ ആവശ്യം കേരളം നിരന്തരം ഉന്നയിച്ചുവരുന്നു.

19/01/2018_ന് നടന്ന ഇരുസംസ്ഥാനങ്ങളുടെയും സെക്രട്ടറിതല യോഗത്തിൽ , തമിഴ്നാടിന്റെ കൈവശമുള്ള കെട്ടിടങ്ങൾ കേരളത്തിന് കൈ മാറുന്നത്, സർക്കാർതലത്തിൽ ചർച്ച ചെയ്തതിനു ശേഷം അറിയിക്കുന്നതാണെന്ന് തമിഴ്നാട് അഭിപ്രായപ്പെടുകയുണ്ടായി. 27/01/2018 ലെ പാലക്കാട് ജില്ലാ വികസന സമിതി യോഗത്തിൽ ,ഉയർന്ന നിർദ്ദേശമനുസരിച്ച് വനം, റവന്യൂ, ഇറിഗേഷൻ എന്നീ 3 വകുപ്പുകളുടെ സംയുക്ത യോഗം സർക്കാർ തലത്തിൽ വിളിച്ച് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| സി)പറമ്പിക്കുളം ആളിയാർ സി) പദ്ധതിയിലുൾപ്പെട്ട തമിഴ്നാട് ഷോളയാർ ഡാമിന്റെ സൈഡ് സ്പിൽവേയിൽക്കൂടിയുള്ള ജലത്തിന്റെ അവകാശം ഏത് സംസ്ഥാനത്തിനാണെന്ന് വ്യക്തമാക്കാമോ ; | കേരളത്തിന് അവകാശപ്പെട്ടതാണ്. |

| | |
|---|---|
| ഡി) പ്രസ്തുത ജലം തമിഴ്നാട് ഡി) അനധികൃതമായി കടത്തിക്കൊണ്ടു പോകുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | തമിഴ്നാടുമായി കേരളം നടത്തുന്ന ചർച്ചകളിലും, സംയുക്ത ജലക്രമീകരണ സമിതി യോഗങ്ങളിലും ഇക്കാര്യം നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ഇനി വരുന്ന ചർച്ചകളിൽ ഈ വിഷയം കൂടുതൽ ശക്തമായി ഉന്നയിക്കാൻ കേരളം ഉദ്ദേശിക്കുന്നു. |

SD

സെക്ഷൻ ഓഫീസർ